ചെലവ് സംബന്ധിച്ച വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. സർക്കാർ മേഖലയിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സൗജന്യമായാണ് നടത്തുന്നത്.

(ഡി) കേരളത്തിൽ 2012 ആഗസ്റ്റ് മാസം മുതൽ 194 മസ്തിഷ്ക മരണാനന്തര അവയവദാനം നടന്നിട്ടുണ്ട്. ഇതുവഴി 527 പേർക്ക് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തരം അവയവങ്ങൾ ദാനം ചെയ്തവരുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു*. അവയവങ്ങൾ സ്വീകരിച്ചവരുടെ പൂർണ്ണമായ വിശദാംശം നിലവിൽ ലഭ്യമല്ല.

(ഇ) അവയവദാനം/മാറ്റം സംബന്ധിച്ച് കേന്ദ്രസർക്കാർ നിയമമാണ് നിലനിൽക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണപുരോഗതി

2 (2276) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയ്ക്ക് ദിശാബോധം നൽകുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് മരുന്നുകളുടെ ലഭ്യത, ജീവനക്കാരുടെ സാന്നിദ്ധ്യം, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ നൽകുന്നതിനാവശ്യമായ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ലഭ്യമാക്കുമോ;

(സി) സർക്കാർ ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഞ്ചേരി, ഇടുക്കി മെഡിക്കൽ കോളേജുകൾ നിലവിൽ വന്നു. കോന്നി, തിരുവനന്തപുരം ജി.എച്ച്. മെഡിക്കൽ കോളേജുകൾക്ക് പ്രിൻസിപ്പാൾ ഓഫീസ് നിലവിൽവന്നു. കാസർഗോഡ്, വയനാട് മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നടപടി നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആശുപത്രികളുടെ പ്രവർത്തനം അതാത് ആശുപത്രി സൂപ്രണ്ടുമാർ സ്ഥാപനതലത്തിലും ജില്ലാമെഡിക്കൽ ഓഫീസർമാരുടെ തലത്തിൽ ജില്ലകളിലും സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് വഴിയും മോണിറ്റർ ചെയ്യുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. മരുന്നുകളുടെ ലഭ്യത, ലാബ് സംവിധാനങ്ങളുടെ പ്രവർത്തനം, ആശുപത്രികളുടെ പൊതുപ്രശ്നങ്ങൾ എന്നിവ ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള അവലോകന യോഗങ്ങൾ വിശദമായി ചർച്ച ചെയ്ത് അവയ്ക്ക് പരിഹാര നടപടികൾ എടുത്തുവരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡി.എച്ച്.എസ്, ഡെപ്യൂട്ടി ഡി.എച്ച്.എസ്, അസിസ്റ്റന്റ് ഡയറക്ടർമാർ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാർ എന്നിവർക്ക് ഓരോ ജില്ലകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി പ്രാഥമിക/സാമൂഹിക/താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലായി ഇരുന്നൂറ് (200)ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-2-ന്റെയും പാർട്ട് ടൈം സ്വീപ്പറുടെ മുപ്പത്തിയൊമ്പത് (39) തസ്തികയും പുതുതായി സൃഷ്ടിക്കപ്പെട്ടു. ആശുപത്രി സൂപ്രണ്ടുമാർ, ആർ.എം.ഒ.-മാർ, നഴ്സിംഗ് ഓഫീസർമാർ, നഴ്സിംഗ് സൂപ്രണ്ടുമാർ തുടങ്ങിയവർ ആശുപത്രി ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ മേൽനോട്ടം നൽകിക്കൊണ്ട് പ്രത്യേകമായ സാനിറ്ററി റൗണ്ട്സ് നടത്തി പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു.

ആരോഗ്യവകുപ്പ് കൊട്ടാരക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

3 (2277) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പ് മുഖേന കൊട്ടാക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly